# സ്ത്രീശാക്തീകരണത്തിന്റെ പത്തു വഴികൾ

എ. സുഹ്റാബി, തിരൂർക്കാട്



**വാഹനത്തിനു** ചക്രങ്ങളെന്ന പോലെ സമൂഹ ഘടനയുടെ അവിഭാജ്യ ഘടകങ്ങളാണ് സ്ത്രീയും പുരുഷനും. ഈ രണ്ട് ഘടകങ്ങളുടെയും ഒന്നിച്ചുള്ള പ്രയാണത്തിലൂടെയാണ് സമൂഹത്തിന്റെ ചലനവും മുന്നേറ്റവും സാധ്യമാകുന്നത്.

പുരാതന ശിലായുഗത്തിലും നവീന ശിലായുഗത്തിലും ജീവിതായോധനം തേടിയുള്ള പ്രയാണത്തിൽ പുരുഷന്റെ സഹയാത്രികയായിരുന്നു സ്ത്രീ. വനാന്തരങ്ങളിലും ഗുഹകളിലുമുള്ള ജീവിതത്തിലും പഴങ്ങളും പച്ചിലകളും ഭക്ഷ്യയോഗ്യമാക്കി മാറ്റുന്നതിലും സ്ത്രീയും പുരുഷനും ഒന്നിച്ചായിരുന്നു എന്ന് പ്രാചീന ചരിത്ര പഠനം വ്യക്തമാക്കുന്നു. എന്നാൽ മനുഷ്യ വളർച്ചയിലെ സ്ഥിര താമസം എന്ന സുപ്രധാന ഘട്ടത്തോടെ ജീവിത വിഭവങ്ങൾ തേടിയുള്ള യാത്ര പുരുഷന്റേത് മാത്രമായി. ഇത് കാലക്രമേണ പുരുഷ മേധാവിത്വത്തിലേക്ക് വഴിമാറി. ഈ മേധാവിത്വം ജീവിതയോധനത്തിൽ മാത്രം ഒതുങ്ങിനിന്നില്ല. വൈജ്ഞാനിക മേഖലയിലും യുദ്ധ മുറകൾ അഭ്യസിക്കുന്നതിലും യുദ്ധരംഗത്തുമെല്ലാം ഈ ആധിപത്യം പതുക്കെപ്പതുക്കെ പ്രകടമായി. മധ്യയുഗത്തിൽ മതപൗരോഹിത്യം പൊതുജീവിതത്തിൽനിന്ന് സ്ത്രീയെ പാടെ മാറ്റി നിർത്തുകയും ചെയ്തു. സമൂഹ നിർമിതിയിൽ പുരുഷനെപ്പോലെ തന്നെ നിർണായക പങ്കാണ് സ്ത്രീക്കും വഹിക്കാനുള്ളതെന്ന വസ്തുത അംഗീകരിക്കാൻ പൗരോഹിത്യത്തിന് സാധിക്കാതെ പോയതിന്റെ തിക്തഫലം നാം ജീവിക്കുന്ന കാലഘട്ടത്തിൽ പോലും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. പൗരോഹിത്യത്തിന്റെ ശാസനകളും കൽപനകളും തെറ്റാണെന്ന് കാലം തെളിയിച്ചാൽ പോലും വളരെ പെട്ടെന്ന് അവ തുടച്ചുനീക്കാൻ സാധ്യമല്ല. വിശ്വാസ പ്രമാണങ്ങളുടെ പിൻബലമുണ്ടെങ്കിലും അനാചാരങ്ങൾ കൈയൊഴിയാൻ സമൂഹം തയാറാകാത്തത് പൗരോഹിത്യം ചെലുത്തുന്ന സ്വാധീനത്തിന്റെ ശക്തിയും ജനങ്ങളുടെ അന്ധവിശ്വാസത്തിന്റെ രൂക്ഷതയുമാണ് കാണിക്കുന്നത്. സമ്പൂർണ ജീവിതവ്യവസ്ഥ എന്ന നിലയിൽ ഇസ്‌ലാം സ്ത്രീക്ക്

നൽകുന്ന അവകാശങ്ങളും സ്ഥാനമാനങ്ങളും വകവെച്ചുകൊടുക്കാൻ മുസ്‌ലിം സമൂഹം പോലും പൂർണമായും തയാറാകാത്ത വിരോധാഭാസവും കാണാതിരിക്കാനാവില്ല.

ജീവിതപാതയിൽ സ്ത്രീക്കും പുരുഷനും വേറിട്ടുനിൽക്കാൻ സാധ്യമല്ലെന്ന് ആധുനിക ചിന്തകളും പഠനങ്ങളും തെളിയിക്കുന്നു. സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് സ്ത്രീകളെ കൂടി കൈപിടിച്ചാനയിക്കേണ്ടത് നവോത്ഥാന പ്രസ്ഥാനങ്ങളുടെയും പരിഷ്‌കരണ സംരംഭങ്ങളുടെയും ഒഴിച്ചുകൂടാൻ പാടില്ലാത്ത ബാധ്യതയാണ്. ഇന്ന് ജീവിത മേഖലകളിലഖിലം സ്ത്രീസാന്നിധ്യം കൂടുതൽ കൂടുതൽ പ്രകടമായിക്കൊണ്ടിരിക്കുന്നത് കാണാതിരിക്കാൻ കഴിയില്ല. സമൂഹ ഘടനയുടെ അടിസ്ഥാന ബിന്ദുവായ കുടുംബം ഭദ്രവും സുശക്തവുമാവണമെങ്കിൽ സ്ത്രീയുടെ അവധാനതയോടു കൂടിയ പങ്കാളിത്തം അനിവാര്യമാണ്. ബുദ്ധിപരവും ചിന്താപരവും സംസ്‌കരണപരവുമായ രംഗങ്ങളിൽ സ്ത്രീ ശക്തയാണെങ്കിൽ മാത്രമേ ഭദ്രവും ശക്തവുമായ അടിത്തറയിൽ കുടുംബം വാർത്തെടുക്കാൻ സാധിക്കുകയുള്ളൂ. ഈ ശാക്തീകരണം യാഥാർഥ്യമാവണമെങ്കിൽ അവലംബിക്കേണ്ട മാർഗങ്ങളെക്കുറിച്ച് സ്ത്രീസമൂഹത്തിന് വ്യക്തമായ ദിശാബോധം ഉണ്ടായേതീരൂ. വിദ്യാഭ്യാസം, ലക്ഷ്യബോധം, ഉന്നത ചിന്ത, വായന, തുടർ പഠനം, സ്വഭാവ സവിശേഷതകൾ, മനഃശാസ്ത്ര സമീപനം, മാനേജ്‌മെന്റ് കപ്പാസിറ്റി, നൈപുണികളും പരിശീലനവും, അനുസ്യൂത പോരാട്ടം തുടങ്ങി ഒട്ടനവധി കാര്യങ്ങൾ ശാക്തീകരണത്തിന്റെ വഴികളായി കണക്കാക്കപ്പെടുന്നു.

## വിദ്യാഭ്യാസം

'വിദ്യ നേടൂ, ശക്തരാവൂ'; സാമൂഹിക പരിഷ്‌കർത്താക്കൾ എന്നും മുന്നോട്ടുവെച്ചിട്ടുള്ള മുദ്രാവാക്യമാണിത്. വിദ്യാഭ്യാസമാണ് ശാക്തീകരണത്തിന്റെ ഊർജം. സമൂഹത്തിന്റെ പിന്നാക്കാവസ്ഥയും പതിതാവസ്ഥയും മാറ്റിയെടുക്കാനും ശക്തമായ ഒരു സമുദായമായി വളരാനും വിദ്യാഭ്യാസത്തിലൂടെ മാത്രമേ കഴിയൂ. സ്ത്രീസമൂഹം വിജ്ഞാനസമ്പാദനത്തിൽ മുന്നോട്ടുവരാതിരുന്നതാണ് മുൻകാലങ്ങളിൽ അവരുടെ പിന്നാക്കാവസ്ഥക്ക് കാരണമായിത്തീർന്നതെന്ന് മനസ്സിലാക്കാൻ വളരെയധികമൊന്നും ചിന്തിക്കേണ്ടതില്ല. ഔപചാരിക വിദ്യാഭ്യാസം വളരുന്ന ഓരോ കുഞ്ഞിന്റെയും മൗലികമായ അവകാശമായി കാണണം. അതോടൊപ്പം അനൗപചാരിക വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകണം. അനൗപചാരിക വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ കണ്ടെത്താൻ സ്ത്രീകൾ സ്വയം മുന്നോട്ടുവരികയും സമൂഹം അതിനുള്ള അവസരങ്ങൾ തുറന്നുകൊടുക്കുകയും ചെയ്താൽ ശാക്തീകരണം അനായാസം സാധ്യമാവും. സമൂഹത്തിന്റെ ഭാവി രൂപപ്പെടുന്നത് ക്ലാസ് മുറികളിലാണെന്ന കോത്താരി കമീഷൻ വിലയിരുത്തൽ നാം മുഖവിലക്കെടുക്കേണ്ടതുണ്ട്.

## ലക്ഷ്യബോധം

ഏതൊരു പുരോഗമന സമൂഹത്തിന്റെയും വളർച്ചയിലെ അനിഷേധ്യ ഘടകമാണ് ലക്ഷ്യബോധം. സമൂഹങ്ങൾക്കും രാഷ്ട്രങ്ങൾക്കുമെന്ന പോലെ വ്യക്തികൾക്കും ലക്ഷ്യബോധം അത്യാവശ്യമാണ്. ഭാവി കരുപ്പിടിപ്പിക്കുന്നത് ലക്ഷ്യബോധമാണ്. ലക്ഷ്യബോധത്തിന് മനശ്ശാസ്ത്രജ്ഞരും തത്ത്വജ്ഞാനികളും നിരവധി നിർവചനങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ജീവിതത്തെക്കുറിച്ച ലക്ഷ്യബോധത്തിനാണ് ഊന്നൽ നൽകേണ്ടത്. ഭൗതിക പുരോഗതി മാത്രമാകരുത് ലക്ഷ്യം. ആത്മസായൂജ്യം നേടാൻ കഴിയുന്ന ജീവിതവീക്ഷണമാണ് നമുക്കുണ്ടാവേണ്ടത്.

## ഉന്നത ചിന്ത

മാറ്റത്തിന്റെ മാറ്റൊലി ചിന്തയിലൂടെയാണ് പ്രതിധ്വനിക്കുന്നത്. സമൂഹ വളർച്ച യുടെയും പരിവർത്തനത്തിന്റെയും സ്രോതസ്സാണ് ചിന്ത. ചരിത്രത്തിൽ കഴിഞ്ഞു പോയ വിപ്ലവങ്ങളെല്ലാം തന്നെ ചിന്താ വിപ്ലവത്തിന്റെ സ്വാഭാവിക ഫലമായിരുന്നു വെന്ന് കാണാൻ കഴിയും. ചിന്തിക്കാത്ത സമൂഹത്തിന് പുരോഗതി അപ്രാപ്യമായി രിക്കും. "ആകാശഭൂമികളുടെ സൃഷ്ടിപ്പിലും ദിനരാത്രങ്ങൾ മാറിക്കൊണ്ടിരിക്കുന്ന തിലും ചിന്തിക്കുന്നവർക്ക് ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്" എന്ന ഖുർആൻ വാക്യം, ചിന്തയുടെയും പഠനത്തിന്റെയും ഗവേഷണത്തിന്റെയും പ്രാധാന്യം എടുത്തുകാട്ടു ന്നു. ചിന്ത ശാക്തീകരണത്തിന്റെ നിഷേധിക്കാനാവാത്ത ഉപാധിയാണ്. ജീവിത ലക്ഷ്യം നിർണയിക്കാനും ലക്ഷ്യത്തിലേക്കുള്ള പാത സുഗമമാക്കാനും ചിന്തയിലൂടെ മാത്രമേ കഴിയുകയുള്ളൂ. സ്വയം വളരാനും സമൂഹത്തെ വളർത്തിയെടുക്കാനുമുള്ള ആയുധമെന്ന നിലയിൽ ചിന്തയെ ഉപയോഗപ്പെടുത്തണം. ബഹുദൈവ വിശ്വാസി കളും വിഗ്രഹാരാധകരുമായിരുന്ന ഒരു ജനസമൂഹത്തെ ഏകദൈവവിശ്വാസത്തിന്റെ പാതയിലേക്ക് കൊണ്ടുവരാൻ ഇബ്റാഹീം നബി അവരുടെ ചിന്തയെ തട്ടിയുണർത്തു കയായിരുന്നുവല്ലോ. റൂസ്സോ തന്റെ ജനതയെ ശാക്തീകരിച്ചതും ചിന്തയുടെ വഴി തുറന്നുകൊണ്ടുതന്നെ. സ്ത്രീകൾ പൊതുവെ അനുകരണ ഭ്രമമുള്ളവരും പാരമ്പ ര്യത്തിന്റെയും പരമ്പരാഗത വിശ്വാസത്തിന്റെയും ചങ്ങലകളിൽ വരിഞ്ഞുകെട്ടപ്പെട്ട വരുമായാണ് പരിഗണിക്കപ്പെടുന്നത്. ശക്തി വീണ്ടെടുക്കണമെങ്കിൽ അവർ ചിന്താ രംഗത്ത് ഉണർന്നേ പറ്റൂ.

## വായന

വായന പുതിയ മനുഷ്യനെ സൃഷ്ടിക്കുന്നു. ചിന്തയെയും ഉണർവിനെയും പുഷ്കലമാക്കുന്നത് വായനയാണ്. അച്ചടി മാധ്യമങ്ങളും പുസ്തക പ്രസാധനവും വളർച്ചയുടെ പാതയിലാണെങ്കിലും വായനയുടെ നിലവാരം കുറഞ്ഞുവരുന്നതായാണ് പഠനങ്ങൾ തെളിയിക്കുന്നത്. സ്കൂൾ–കോളേജ് വിദ്യാർഥികൾ നിർദിഷ്ട പാഠപു സ്തകങ്ങൾ പോലും വായിക്കാൻ കൂട്ടാക്കുന്നില്ല. പാഠഭാഗങ്ങളിലെ ഉള്ളടക്കം ഗൈഡുകളും കാപ്സ്യൂളുകളും തരപ്പെടുത്തി പരീക്ഷ ജയിക്കാനായി മാത്രം ഉപ യോഗപ്പെടുത്തുന്ന പ്രവണതയാണ് വിദ്യാർഥികളിൽ പൊതുവെ കാണുന്നത്. ഓജസ്സും തേജസ്സും ബുദ്ധിപരമായ ഔന്നത്യവുമുള്ള ഒരു തലമുറയെ വായനയി ലൂടെ മാത്രമേ വളർത്തിയെടുക്കാൻ കഴിയൂ. സ്ത്രീകൾ വായനാ ലോകവുമായി നിരന്തരബന്ധം പുലർത്തിയാലാണ് സ്ത്രീ ശാക്തീകരണം പൂർണതയിലെത്തുക. സ്ത്രീ സമൂഹം ഇന്ന് സ്വീകരിച്ചുവരുന്ന ജീവിതശൈലിയിൽ വായനക്ക് അർഹമായ സ്ഥാനമില്ല. സ്വഭാവ രൂപീകരണത്തിലും പുസ്തകങ്ങൾക്കുള്ള സ്ഥാനം വളരെ വലു താണ്. വൈജ്ഞാനിക വളർച്ച, സന്താന പരിപാലനം, കുടുംബ സംരക്ഷണം, പ്രബോ ധനം, ബഹുസ്വര സമൂഹത്തിൽ ഉന്നത വ്യക്തിത്വം നിലനിർത്തൽ തുടങ്ങിയ ജീവിത മേഖലകളിലെല്ലാം ഉയർച്ചയും വളർച്ചയും അഭിലഷിക്കുന്ന സ്ത്രീകൾ വായനയിൽ കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. വായന ദൈനംദിന ജീവിതത്തിന്റെ ഭാഗമാക്കാൻ ശ്രമി ക്കണം.

## അനുസ്യൂത പഠനം

കഴിഞ്ഞ ഡിസംബറിൽ നടന്ന ഒരു സംഭവം ഓർമയിൽ വരുന്നു. പത്താംക്ലാ സ്സിൽ ഭൂമിശാസ്ത്ര അധ്യാപികയോട് കുട്ടിയുടെ ചോദ്യം: 'എന്താ ടീച്ചറേ, ആഗോ ളതാപനം എന്നു പറഞ്ഞാൽ?' 'അതൊക്കെ ഫിസിക്സ് ടീച്ചറോട് ചോദിക്കൂ.

അതെന്റെ വിഷയമല്ല'– ടീച്ചർ ഉടനെ മറുപടി നൽകി. കോപ്പൻഹേഗനിൽ നടന്ന ആഗോളതാപന ഉച്ചകോടിയുടെ വാർത്ത വായിച്ച കുട്ടിയുടെ സംശയം ദൂരീകരിക്കാൻ കഴിയാത്ത അധ്യാപിക കുട്ടിയുടെ വിജ്ഞാനതൃഷ്ണക്കു മുമ്പിൽ പരാജയപ്പെട്ടു. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. നൂതന സംഭവങ്ങളും കണ്ടുപിടുത്തങ്ങളും വീക്ഷണങ്ങളുമെല്ലാം ജീവിതയാത്രയിലെ വഴിത്തിരിവുകളാണ്. പണ്ടെങ്ങോ നേടിയ അറിവുകൊണ്ട് ഇന്നും ജീവിക്കാമെന്ന് കരുതുന്നത് വിഡ്ഢിത്തമാണ്. നാം ജീവിക്കുന്നത് പുതുയുഗത്തിലാണ്. യുഗപരിണാമം പഠനത്തിന്റെ ഫലമാണ്. വൈജ്ഞാനിക വിഹായസ്സിലേക്ക് പറന്നുയരാനുള്ള ശേഷിയാണ് സ്ത്രീശാക്തീകരണത്തിന് അനിവാര്യമായ ഘടകം. കൂടുതൽ പഠനത്തിലൂടെ മാത്രമേ പുതുയുഗത്തിന്റെ പടിവാതിൽക്കൽ ആർജവത്തോടെ ചെന്നെത്താൻ സാധിക്കുകയുള്ളൂ.

## സ്വഭാവം

സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനം നിർണയിക്കുന്നത് അവളുടെ സ്വഭാവ സവിശേഷതകളാണ്. കണ്ണഞ്ചിക്കുന്ന വസ്ത്രങ്ങളും മേനി നിറയെ സ്വർണാഭരണങ്ങളും സൗന്ദര്യവർധക വസ്തുക്കളും ഉപയോഗിച്ചാലേ സമൂഹത്തിൽ സ്ഥാനം ലഭിക്കൂ എന്ന ധാരണ സ്ത്രീകളിൽ പൊതുവെ പ്രകടമാണ്. വിദ്യാസമ്പന്നരിലും സാമൂഹിക പ്രവർത്തകരിലും വരെ ഈ മനോഭാവം നിലനിൽക്കുന്നു. സ്വഭാവമാണ് സുപ്രധാനമെന്ന യാഥാർഥ്യം സ്ത്രീകൾ തിരിച്ചറിയേണ്ടതുണ്ട്. പ്രബോധനം ചെയ്യുന്ന തത്ത്വങ്ങൾ സ്വജീവിതത്തിൽ പ്രകടിപ്പിക്കുന്നില്ലെങ്കിൽ സമൂഹത്തെ സ്വാധീനിക്കാൻ കഴിയില്ല. സത്യം, സ്നേഹം, ക്ഷമ, കാരുണ്യം തുടങ്ങിയ ഉന്നത ഗുണവിശേഷങ്ങളാണ് സ്വഭാവത്തെ പരിമളമാക്കുന്നത്. മുഹമ്മദ് നബിയുടെ സ്വഭാവത്തെക്കുറിച്ച് അനുയായികളിൽ ചിലർ പത്നി ആഇശയോട് ചോദിച്ചപ്പോൾ ലഭിച്ച മറുപടി ഇപ്രകാരമായിരുന്നു: "ഖുർആനായിരുന്നു നബിയുടെ സ്വഭാവം". ഖുർആൻ ജീവിതത്തിൽ നിഴലിക്കുമ്പോഴാണ് സ്വഭാവത്തിന് മഹിമയും പരിമളവും വർധിക്കുക.

## മനഃശാസ്ത്ര സമീപനം

മാതാവ്, സഹോദരി, കുടുംബിനി തുടങ്ങിയ നിരവധി സ്ഥാനങ്ങളാണ് സ്ത്രീക്ക് വഹിക്കേണ്ടിവരുന്നത്. ഇതിൽ ഏറ്റവും മുഖ്യമായതാണ് മാതൃസ്ഥാനം. പത്തു മാസം ഗർഭം ധരിച്ച് ജന്മം നൽകിയ കുഞ്ഞിനെ വളർത്തി നല്ലൊരു മനുഷ്യനാക്കി മാറ്റുന്ന ഭാരിച്ച ഉത്തരവാദിത്വമാണ് മാതാവെന്ന നിലയിൽ സ്ത്രീക്ക് നിർവഹിക്കാനുള്ളത്. ഈ മഹത്തായ കഴിവ് പഠന, പരിശീലനത്തിലൂടെയാണ് ലഭിക്കുന്നത്. മറ്റെല്ലാ വിദ്യകളും അഭ്യസിക്കുന്നതോടൊപ്പം ശിശുപരിപാലനത്തിലും പ്രായോഗിക ജ്ഞാനം സ്ത്രീക്ക് ആവശ്യമാണ്. ശിശു മനഃശാസ്ത്രത്തിൽ കഴിയുന്നത്ര നൈപുണ്യം നേടാൻ സ്ത്രീസമൂഹം ശ്രമിക്കണം. ഉന്നതമായ സ്വഭാവ ഗുണങ്ങളും പെരുമാറ്റ രീതികളും പക്വമായ മനസ്സും കുട്ടികളിൽ സൃഷ്ടിക്കപ്പെടണമെങ്കിൽ അതിനനുസൃതമായ മനഃശാസ്ത്ര സമീപനം മാതാക്കൾക്കുണ്ടാവണം.

## കൈകാര്യ കർതൃത്വം

ജീവിതവ്യവഹാരങ്ങളിൽ സന്ദർഭത്തിനും ചുറ്റുപാടുകൾക്കും അനുസൃതമായി തീരുമാനങ്ങളെടുക്കാനുള്ള കഴിവും കരുത്തും ഓരോ വ്യക്തിക്കും അനുപേക്ഷണീയമാണ്. ഈ കഴിവാണ് ജീവിതത്തിൽ പ്രത്യാശയും ആത്മവിശ്വാസവും നൽകുന്നത്. പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള തന്റേടവും അവയെ അതിജീവിക്കാനുള്ള മനക്കരുത്തും സ്ത്രീശാക്തീകരണത്തിന്റെ സുപ്രധാന ഘടകമാണ്. ജീവിത പ്രശ്നങ്ങളുടെ മുമ്പിൽ പകച്ചുനിൽക്കുകയാണ് ഇന്നിന്നമ്മുടെ സ്ത്രീസമൂഹം. കാല

ക്രമേണ മാനസിക സംഘർഷത്തിനും രക്തസമ്മർദം പോലുള്ള രോഗങ്ങൾക്കും ഇത് കാരണമാകുന്നതായി ഭിഷഗ്വരന്മാർ അഭിപ്രായപ്പെടുന്നു. ജീവിത വ്യവഹാര ങ്ങളിൽനിന്ന് ഒഴിഞ്ഞുനിൽക്കുന്ന സമീപനം സ്ത്രീശാക്തീകരണത്തിന്റെ പാതയിലെ വലിയ വിലങ്ങുതടിയാണ്. Crisis management ഒരു പഠനവിഷയമായി വികസിച്ചു ക്കൊണ്ടിരിക്കുന്ന പുതിയ കാലത്ത് പ്രശ്നങ്ങളെ നേരിടാനും പരിഹാരമാർഗങ്ങൾ കണ്ടെത്താനുമുള്ള ശേഷി ഒരു ശക്തി സ്രോതസ്സ് തന്നെയാണ്.

## നൈപുണികൾ

ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട മേഖലകളിൽ പ്രാഥമിക ജ്ഞാനം ഇന്ന് അനിവാര്യമായി വന്നിരിക്കുന്നു. ഒരാൾ ഡോക്ടറല്ലെങ്കിലും പ്രഥമ ശുശ്രൂ ഷയെ പറ്റിയുള്ള അറിവ് ആവശ്യമാണ്. ഇലക്ട്രീഷനോ ഇലക്ട്രിക് എഞ്ചിനീയറോ ആയിട്ടില്ലെങ്കിലും അത്യാവശ്യമായ ഇലക്ട്രിക് വർക്കുകളെ പറ്റിയുള്ള ഏകദേശ ജ്ഞാനം കൂടിയേ തീരൂ. വീട്ടുപകരണങ്ങൾ കൈകാര്യം ചെയ്യൽ, പാചകകല, കുടുംബ സംവിധാനം, ബജറ്റിംഗ്, ഗൃഹാലങ്കാരം, പൂന്തോട്ട നിർമാണം, അതിഥി സൽക്കാരം തുടങ്ങി ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട നൂറു നൂറു കാര്യങ്ങ ളിൽ സാമാന്യ പരിജ്ഞാനം ആവശ്യമാണ്. വീട്ടിലെ ക്ലോക്ക് നിന്നുപോയാൽ പുതിയ ബാറ്ററി ഇടാൻ അറിയാത്ത എത്രയെത്ര ആളുകളുണ്ട്?

## പോരാട്ടം

ആദർശത്തിനും ആസൂത്രണത്തിനും അനുസൃതമായ ചുറ്റുപാട് എപ്പോഴും ലഭ്യമായിക്കൊള്ളണമെന്നില്ല. ഒരുപക്ഷേ നമ്മുടെ വിഭാവനക്കനുസൃതമായ ജീവിതം നയിക്കുമ്പോൾ ധാരാളം വിഷമങ്ങളും പ്രതിസന്ധികളും അഭിമുഖീകരിക്കേണ്ടിവ രും. നാം വെച്ചുപുലർത്തുന്ന ആദർശ വിശ്വാസങ്ങൾക്കെതിരായ നീക്കം സമൂഹ ത്തിൽ കൂടുതൽ ശക്തമായെന്നും വരാം. അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങ ളുടെയും ഘനാന്ധകാരം നമ്മുടെ മുന്നോട്ടുള്ള ഗമനത്തിന് വിഘാതം സൃഷ്ടിക്കാം. ഇത്തരം വിപരീത ചുറ്റുപാടുകൾക്കെതിരെ പോരാടാനുള്ള ശക്തിയും ആർജവവും സ്ത്രീക്കുണ്ടായിരിക്കണം. നന്മയുടെ സംസ്ഥാപനത്തിനും തിന്മയുടെ വിപാടനത്തി നുള്ള പോരാട്ടമാണ് ജീവിത ദൗത്യമെന്ന തിരിച്ചറിവ് സമരോന്മുഖ ജീവിതത്തിന് വഴിയൊരുക്കുന്നു. ■